**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6704** **21-03-2023 - ൽ മറുപടിയ്ക്ക്**

**വിദേശ സഞ്ചാരികളെ ആകർഷിക്കാൻ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയിൽ ആഭ്യന്തര, വിദേശ സഞ്ചാരികളെ ആകർഷിക്കുന്നതിനായി പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് പുതിയ നിരവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കോവളം വിനോദസഞ്ചാരകേന്ദ്രത്തിന്റെ പ്രൗഢി വർദ്ധിപ്പി ക്കുന്നതിനുള്ള പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് വിദേശ ആഭ്യന്തര വിനോദ സഞ്ചാരികൾക്കായി 'നൈറ്റ് ലൈഫ് ടൂറിസം' ആരംഭിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം കനകക്കുന്ന് കൊട്ടാര വളപ്പിൽ രാത്രികാല ടൂറിസം പദ്ധതി ULCCs മുഖേന നടപ്പിലാക്കുന്നതിനായി 2.63 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>കൂടാതെ 'നൈറ്റ് ലൈഫ് ടൂറിസം' പ്രോത്സാഹിപ്പിക്കുന്നതിനായി ട്രാവൻകൂർ ഹെറിറ്റേജ് പ്രോജക്ട് എന്ന പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി തലസ്ഥാന നഗരിയിലെ തെരഞ്ഞെടുക്കപ്പെട്ട 30 പൈതൃക കെട്ടിടങ്ങളിൽ വൈദ്യുത ദീപാലങ്കാരം ഏർപ്പെടുത്തുന്നതിനായി 35.60 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 18 പൈതൃക കെട്ടിടങ്ങളുടെ വൈദ്യുത ദീപാലങ്കാര പ്രവൃത്തികൾ പൂർത്തീകരിച്ചു. മറ്റ് കെട്ടിടങ്ങളുടെ പ്രവൃത്തികൾ നടന്നുവരുന്നു.<br><br>സംസ്ഥാനത്തെ വിനോദസഞ്ചാരികൾക്ക് വ്യത്യസ്തമായ ഒരു അനുഭവം നൽകുന്നതിന് വേണ്ടി ആവിഷ്കരിച്ച പദ്ധതിയാണ് 'കാരവൻ ടൂറിസം'. നിലവിൽ 10 കാരവനുകളും വാഗമണ്ണിൽ ഒരു കാരവൻ പാർക്കുമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.<br><br>ഉത്തരവാദിത്ത ടൂറിസം മിഷന്റെ ഭാഗമായി ആരംഭിച്ച സ്ട്രീറ്റ് പദ്ധതിയിൽ 'നൈറ്റ് ലൈഫ് ടൂറിസം' പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്. അതിൽ |

നൈറ്റ് വാക്കുകൾ, ഫുഡ് ടൂറിസം, ഫെസ്റ്റിവൽ ടൂർ പാക്കേജുകൾ എന്നിവ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

പുതിയ വിനോദസഞ്ചാര കേന്ദ്രങ്ങൾ കണ്ടെത്തുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്നുകൊണ്ട് 'ഡെസ്റ്റിനേഷൻ ചലഞ്ച്' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ലോകോത്തര നിലവാരത്തിലുള്ള ടോയ്‌ലെറ്റ് ബ്ലോക്കുകളുടെ നിർമ്മാണം നടപ്പിലാക്കി വരുന്നു. ഇത് പ്രകാരം 5 കേന്ദ്രങ്ങളിൽ ഈ പദ്ധതി പൂർത്തീകരണ ഘട്ടത്തിലാണ്. 84 കേന്ദ്രങ്ങളിൽ അംഗപരിമിതരായ സഞ്ചാരികൾക്ക് ഉപകാരപ്രദമാകുംവിധമുള്ള 'ബാരിയർ ഫ്രീ ടൂറിസം പദ്ധതി' നടപ്പിലാക്കിയിട്ടുണ്ട്.

വിനോദസഞ്ചാര കേന്ദ്രങ്ങളെ മാലിന്യമുക്തമാക്കുന്നതിന് 'ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ' എന്ന മാലിന്യ നിർമ്മാർജ്ജന പദ്ധതി കുടുംബശ്രീ മുഖാന്തരം നടപ്പിലാക്കി വരുന്നു. ഹെറിറ്റേജ് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 'മുസിരീസ് പൈതൃക പദ്ധതി', 'ആലപ്പുഴ പൈതൃക പദ്ധതി', 'തലശ്ശേരി പൈതൃക പദ്ധതി', 'ട്രാവൻകൂർ പൈതൃക പദ്ധതി' എന്നിവ നടപ്പിലാക്കി വരുന്നു. കൂടാതെ ക്രൂയിസ് ടൂറിസം വികസിപ്പിക്കുന്നതിനായി 'മലബാർ റിവർ ക്രൂയിസ് പദ്ധതി', ബീച്ച് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് കിഫ്ബി ഫണ്ട് ഉപയോഗിച്ച് മുഴപ്പിലങ്ങാട് – ധർമ്മടം ബീച്ചിന്റെ സമഗ്ര വികസനം, ആലപ്പുഴ ചെത്തി ബീച്ചിന്റെ വികസനം എന്നിവ നടപ്പിലാക്കി വരുന്നു. 'മലബാർ ലിറ്ററി സർക്യൂട്ട്', 'കൊല്ലം ബയോഡൈവേഴ്സിറ്റി സർക്യൂട്ട്' എന്നീ പദ്ധതികൾ നടപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിലുള്ള ഗസ്റ്റ് ഹൗസുകളുടെ നവീകരണവും പുതിയ ഗസ്റ്റ് ഹൗസ് ബ്ലോക്കുകളുടെ നിർമ്മാണവും പുരോഗമിക്കുന്നു. അതിൽ ഇടുക്കി, ആതിരപ്പള്ളി, കന്യാകുമാരി എന്നിവിടങ്ങളിൽ യാത്രി നിവാസും, സുൽത്താൻ ബത്തേരി, കോഴിക്കോട് (അഡീഷണൽ ബ്ലോക്ക്), ഗുരുവായൂർ എന്നിവിടങ്ങളിൽ അതിഥി മന്ദിരങ്ങളും നിർമ്മിച്ചു വരുന്നു. കൂടാതെ കെ.ടി.ഡി.സി. മുഴപ്പിലങ്ങാട് 3 സ്റ്റാർ ബീച്ച് ഹോട്ടലും കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്നുണ്ട്.

ഉത്തരവാദിത്ത ടൂറിസം എന്ന ആശയത്തെ അടിസ്ഥാനമാക്കി 'വില്ലേജ് ടൂറിസം', 'റൂറൽ ടൂറിസം', 'ഫെസ്റ്റിവൽ ടൂറിസം', 'കൾച്ചറൽ ടൂറിസം', 'എക്സ്പീരിയൻഷ്യൽ ടൂറിസം', ‘ഫാം / അഗ്രി ടൂറിസം’, 'ഫുഡ് ടൂറിസം', 'ആക്സസിബിൾ ടൂറിസം', ടൂറിസത്തിലൂടെ സ്ത്രീ ശാക്തീകരണം, പ്രാദേശിക കലാകാരന്മാർ, വിവിധ രംഗകലകൾ, ആയോധനകലകൾ എന്നിവയ്ക്ക് പ്രോത്സാഹനം, സുവനീർ / പ്രാദേശിക കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിനുള്ള പ്രോത്സാഹനം, സ്റ്റോറി ടെല്ലിങ് പാക്കേജുകൾ എന്നിങ്ങനെ കേരളത്തിൽ സുസ്ഥിര ടൂറിസം വികസനത്തിനുള്ള വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

"Make up your lost time, packup for Kerala" എന്ന തീമിനെ അടിസ്ഥാനമാക്കി ദൃശ്യ - ശ്രാവ്യ മാധ്യമങ്ങളിലൂടെയും സാമൂഹ്യ മാധ്യമങ്ങളിലൂടെയും ആണ് ഇത്തരം ക്യാമ്പയിനുകൾ നടപ്പിലാക്കി വരുന്നത്.

**<u>ക്യാമ്പയിനുകൾ</u>**

1. ഡൊമസ്റ്റിക് സമ്മർ ഹോളിഡേ ക്യാമ്പയിൻ - റേഡിയോ, തിയേറ്റർ
2. നാഷണൽ സമ്മർ ക്യാമ്പയിൻ (BBC, Sony Max, Star, Colours, Discovery Channel).
3. ഡൊമസ്റ്റിക് സമ്മർ ഹോളിഡേ ക്യാമ്പയിൻ - (ടി.വി) BBC, CNN, Star, Maa, Zee Kannada, Star, കളേഴ്സ് ഗുജറാത്തി, ഡിസ്നി ചാനൽ, Nick, Hungama
4. ഡൊമസ്റ്റിക് സമ്മർ ഹോളിഡേ ക്യാമ്പയിൻ - ഡിജിറ്റൽ - വെബ് പോർട്ടൽ

ടൈം മാഗസിൻ കണ്ടെത്തിയ, സഞ്ചാരികൾ കണ്ടിരിക്കേണ്ട, ലോകത്തെ അതിമനോഹരമായ 50 വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പട്ടികയിൽ കേരളം ഇടം നേടി. ഈ നേട്ടം, വിദേശ സഞ്ചാരികൾ കേരളത്തിലേക്ക് എത്തുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന ക്യാമ്പയിനുകളിലൂടെ, ദൃശ്യ - ഡിജിറ്റൽ മാധ്യമങ്ങൾ വഴി പ്രചരിപ്പിച്ച് വരുന്നു.

1. ഇന്റർ നാഷണൽ (യൂറോപ്പ്) ടി.വി. ക്യാമ്പയിൻ - Skynew, CNN എന്നീ ടി.വി. ചാനലുകൾ വഴി ക്യാമ്പയിൻ നടത്തുകയുണ്ടായി
2. ഇന്റർ നാഷണൽ ഡിജിറ്റൽ ക്യാമ്പയിൻ BBC, Die Welt, Less Echos തുടങ്ങിയ

ഡിജിറ്റൽ വെബ്പോർട്ടൽ വഴി ക്യാമ്പയിൻ നടത്തുകയുണ്ടായി

തദ്ദേശീയരെ ലക്ഷ്യമാക്കി 'കേരളം കാണാം' എന്ന ക്യാമ്പയിൻ സാമൂഹ്യ മാധ്യമങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ കേരള ടൂറിസത്തിന്റെ വെബ്സൈറ്റ് വഴി വിർച്ചൽ ടൂർ ക്യാമ്പയിൻ നടത്തുകയും ചെയ്തിട്ടുണ്ട്.

ഇന്ത്യയിലെ മികച്ച ട്രാവൽ ബ്ലോഗർമാരെ കേരളത്തിലെ വിവിധ ടൂറിസം കേന്ദ്രങ്ങൾ സന്ദർശിപ്പിക്കുകയും അവർ മുഖേന സാമൂഹ്യ മാധ്യമങ്ങളിൽ പ്രസ്തുത കേന്ദ്രങ്ങളുടെ പ്രചാരണം നടത്തുകയും ചെയ്തു.

ടൂറിസം വകുപ്പ് പുതുതായി തുടങ്ങിയ താഴെപ്പറയുന്ന പ്രചരണ പരിപാടികളെല്ലാം തന്നെ ഈ മേഖലയുടെ പുനരുജ്ജീവനം മുന്നിൽ കണ്ടാണ്.

1. സോഷ്യൽ മീഡിയ റീ അഷ്വറൻസ് ക്യാമ്പയിൻ
2. കേരള ഡ്രൈവ് ഹോളിഡെയ്സ്
3. ലോംഗ് സ്റ്റെയ്സ് ഇൻ കേരള
4. ഹോംസ്റ്റേ പ്രമോഷൻ
5. ഹണിമൂൺ ഹോളിഡെയ്സ്
6. കാരവൻ ടൂറിസം പ്രമോഷൻ
7. ചെയ്ഞ്ച് ഓഫ് എയർ ക്യാമ്പയിൻ
8. ഫാം ട്രിപ്പുകൾ
9. വിവിധ ദേശീയ അന്തർദേശീയ ഫെയറുകളിലെ പ്രാതിനിധ്യം

**<u>കാരവൻ ടൂറിസം</u>**

നൂതനമായ ടൂറിസം ഉൽപ്പന്നം എന്ന നിലയിൽ കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിനായി കാരവൻ ടൂറിസം എന്ന പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരികയാണ്.

**<u>മൊബൈൽ ആപ്പ്</u>**

സഞ്ചാരികൾക്ക് വിവിധ ടൂറിസം കേന്ദ്രങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാകുന്ന രീതിയിൽ നവീകരിച്ച മൊബൈൽ ആപ്പ് പുറത്തിറക്കുകയും ചെയ്തിട്ടുണ്ട്.

കൂടാതെ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി വിവിധ ദേശീയ / അന്തർദേശീയ ട്രേഡ് ഫെയറുകളിൽ 'ബി 2 ബി' മീറ്റ് സംഘടിപ്പിക്കുന്നുമുണ്ട്.

| | | | |
|---|---|---|---|
| (ബി) | വിനോദസഞ്ചാരികളെ കേരള കാഴ്ചകൾ പരിചയപ്പെടുത്തുന്നതിനായി പ്രചാരണ പരിപാടികൾക്ക് രൂപം നൽകിയിട്ടുണ്ടോ; | (ബി) | വിനോദസഞ്ചാരികളെ കേരള കാഴ്ചകൾ പരിചയപ്പെടുത്തുന്നതിനായി പ്രചാരണ പരിപാടികൾക്ക് രൂപം നൽകിയിട്ടുണ്ട്. കേരളത്തിലെ വൈവിധ്യങ്ങളായ കാഴ്ചകളും സംസ്കാരിക തനിമയും കേരളത്തിലെ ജീവിത രീതികളും പരിചയപ്പെടുത്തുന്നതിനുമായി പുലികളി, കഥകളി, ബേപ്പൂർ വാട്ടർഫെസ്റ്റ്, കേരള ഫെസ്റ്റിവൽ തുടങ്ങിയവയുടെ വീഡിയോകൾ സോഷ്യൽ മീഡിയ ക്യാമ്പയിനുകളിൽ ഉൾപ്പെടുത്തി സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനുള്ള നപടികൾ സ്വീകരിച്ചു വരുന്നു.<br><br>കേരളത്തിന്റെ ഗ്രാമീണ ജീവിതവും പരമ്പരാഗത തൊഴിലുകളും പരിചയപ്പെടുത്തുന്ന വില്ലേജ് ലൈഫ് എക്സ്പീരിയൻസ്, കലാ പ്രവർത്തനങ്ങൾ പരിചയപ്പെടുത്തുന്ന കൾച്ചറൽ എക്സ്പീരിയൻസ്, ഭക്ഷണ വൈവിധ്യം പരിചയപ്പെടുത്തുന്ന എക്സ്പീരിയൻസ് എത്തിക് ക്യുസീൻ, കാർഷിക പ്രവർത്തനങ്ങൾ പരിചയപ്പെടുത്തുന്ന ഫാമിങ്ങ് എക്സ്പീരിയൻസ് തുടങ്ങിയ പാക്കേജുകൾ ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന നടത്തി വരുന്നു. ഇവയ്ക്കായി വൈവിധ്യമാർന്ന മാർക്കറ്റിങ് ക്യാമ്പയിനുകൾ വീഡിയോ, പ്രിന്റ് മാധ്യമങ്ങൾ ഉപയോഗപ്പെടുത്തിയും സോഷ്യൽ മീഡിയ വഴിയും ഉത്തരവാദിത്ത ടൂറിസം മിഷനും ടൂറിസം വകുപ്പും നടത്തി വരുന്നുണ്ട്.<br><br>സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയുടെ സാധ്യതകളെ പരിചയപ്പെടുത്തുന്നതിനും വിദേശ - ആഭ്യന്തര സഞ്ചാരികളെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിനായി വിവിധങ്ങളായ പ്രചാരണ പദ്ധതികൾ സംഘടിപ്പിച്ചു വരുന്നു.<br><br>"Make up your lost time, packup for Kerala" എന്ന തീമിനെ അടിസ്ഥാനമാക്കി ദൃശ്യ - ശ്രവ്യ മാധ്യമങ്ങളിലൂടെയും സാമൂഹ്യ മാധ്യമങ്ങളിലൂടെയും ആണ് ഇത്തരം ക്യാമ്പയിനുകൾ നടപ്പിലാക്കി വരുന്നത്.<br><br>**<u>ക്യാമ്പയിനുകൾ</u>**<br><br>1. ഡൊമസ്റ്റിക് സമ്മർ ഹോളിഡേ ക്യാമ്പയിൻ - റേഡിയോ, തിയേറ്റർ<br>2. നാഷണൽ സമ്മർ ക്യാമ്പയിൻ (BBC, Sony Max, Star, Colours, Discovery Channel).<br>3. ഡൊമസ്റ്റിക് സമ്മർ ഹോളിഡേ ക്യാമ്പയിൻ - (ടി.വി) BBC, CNN, Star, Maa, Zee |

| | | | |
|---|---|---|---|
| | | | Kannada, Star, കളേഴ്സ് ഗുജറാത്തി, ഡിസ്നി ചാനൽ, Nick, Hungama<br>4. ഡൊമസ്റ്റിക് സമ്മർ ഹോളിഡേ ക്യാമ്പയിൻ - ഡിജിറ്റൽ - വെബ് പോർട്ടൽ<br><br>ടൈം മാഗസിൻ കണ്ടെത്തിയ, സഞ്ചാരികൾ കണ്ടിരിക്കേണ്ട, ലോകത്തെ അതിമനോഹരമായ 50 വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പട്ടികയിൽ കേരളം ഇടം നേടി. ഈ നേട്ടം, വിദേശ സഞ്ചാരികൾ കേരളത്തിലേക്ക് എത്തുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന ക്യാമ്പയിനുകളിലൂടെ, ദൃശ്യ - ഡിജിറ്റൽ മാധ്യമങ്ങൾ വഴി പ്രചരിപ്പിച്ച് വരുന്നു.<br><br>1. ഇൻറർ നാഷണൽ (യൂറോപ്പ്) ടി.വി. ക്യാമ്പയിൻ - Skynew, CNN എന്നീ ടി.വി. ചാനലുകൾ വഴി ക്യാമ്പയിൻ നടത്തുകയുണ്ടായി<br>2. ഇന്റർ നാഷണൽ ഡിജിറ്റൽ ക്യാമ്പയിൻ BBC, Die Welt, Less Echos തുടങ്ങിയ ഡിജിറ്റൽ വെബ്പോർട്ടൽ വഴി ക്യാമ്പയിൻ നടത്തുകയുണ്ടായി<br><br>തദ്ദേശീയരെ ലക്ഷ്യമാക്കി 'കേരളം കാണാം' എന്ന ക്യാമ്പയിൻ സാമൂഹ്യ മാധ്യമങ്ങളിൽ കൂടി ആവിഷ്കരിച്ച നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ കേരള ടൂറിസത്തിന്റെ വെബ്സൈറ്റ് വഴി വിർച്വൽ ടൂർ ക്യാമ്പയിൻ നടത്തുകയും ചെയ്തിട്ടുണ്ട്.<br><br>ലണ്ടൻ, സ്പെയിൻ, ഇറ്റലി, യു.എസ്.എ. ഫ്രാൻസ്, റഷ്യ, മിഡിൽ ഈസ്റ്റ് തുടങ്ങിയ അന്താരാഷ്ട്ര വേദികളിൽ സംഘടിപ്പിക്കുന്ന ട്രാവൽ മാർട്ടുകളിൽ കേരള ടൂറിസം പങ്കെടുക്കാറുണ്ട്. WTM ലണ്ടൻ, FITUR മാഡ്രിഡ്, BIT മിലാൻ, ITB ബെർലിൻ തുടങ്ങിയ അന്താരാഷ്ട്ര മേളകളിൽ ഈ വർഷം കേരള ടൂറിസം പങ്കെടുത്തിട്ടുണ്ട്. ഇതു കൂടാതെ കൂടുതൽ വിദേശ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനായി കേരള ടൂറിസത്തിലെ സംരംഭകരെ ഉൾപ്പെടുത്തിക്കൊണ്ട് ലണ്ടൻ, ഡബ്ളിൻ, ന്യൂയോർക്ക്, ലോസ് ഏഞ്ചൽസ്, സാൻഫ്രാൻസിസ്കോ, മ്യൂനിച്ച്, ഫ്രാങ്ക്ഫർട്ട് തുടങ്ങിയ നഗരങ്ങളിൽ ബി 2 ബി മീറ്റുകൾ സംഘടിപ്പിച്ചിട്ടുണ്ട്. |
| (സി) | വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനായി ദേശീയതലത്തിലും രാജ്യാന്തരതലത്തിലും എന്തെല്ലാം പ്രചാരണ പരിപാടികളാണ് വിഭാവനം ചെയ്യുന്നത്; വിശദമാക്കുമോ? | (സി) | ബി പിരിവിന്റെ അതേ ഉത്തരം |

സെക്ഷൻ ഓഫീസർ